**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 414** | **30-01-2024 - ൽ മറുപടിയ്ക്ക്**

**കഞ്ചിക്കോട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്-മൂപ്പൻ റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി പദ്ധതിയിലുൾപ്പെട്ട മലമ്പുഴ മണ്ഡലത്തിലെ കഞ്ചിക്കോട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്-മൂപ്പൻ റോഡ് നിർമാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) | മലമ്പുഴ മണ്ഡലത്തിലെ കഞ്ചിക്കോട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് - മൂപ്പൻ റോഡിന് 09/11/2018-ലെ PWD006-30-PA-01 നമ്പർ നടപടിക്രമ ഉത്തരവ് പ്രകാരം 20.27 കോടി രൂപയ്ക്ക് കിഫ്ബി ധനാനുമതി നൽകിയിരുന്നു. തുടർന്ന് 22/10/2022-ന് 25.445 കോടി രൂപയുടെ സാങ്കേതിക അനുമതി നൽകിയിരുന്നെങ്കിലും, സാങ്കേതികാനുമതി തുക ധനാനുമതി തുകയെക്കാൾ 25 ശതമാനത്തോളം അധികരിച്ചതിനാൽ ധനാനുമതി പുതുക്കുന്നതിനുള്ള റിവൈസ്ഡ് പ്രൊപ്പോസൽ SPV 19/01/2023-ന് ഫയൽ കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. എന്നാൽ ട്രാഫിക് സർവ്വേ റിപ്പോർട്ടിലെ അപാകതകൾ സംബന്ധിച്ച് കിഫ്ബി സ്ഥലപരിശോധന നടത്തുകയും, ട്രാഫിക് പുനഃപരിശോധിക്കണമെന്ന നിബന്ധനയ്ക്ക് വിധേയമായി തുടർന്നു വന്ന കിഫ്ബി എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തോടെ 11/10/2023-ന് പുതുക്കിയ ധനാനുമതി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. കിഫ്ബി മാനദണ്ഡപ്രകാരം ധനാനുമതി പുതുക്കി, Project Execution Document (PED) കിഫ്ബിയുടെ അംഗീകരിച്ച ശേഷം മാത്രമേ പ്രവൃത്തി ടെണ്ടർ ചെയ്യാവൂ എന്നിരിക്കെ, ആയത് ലഭിക്കുന്നതിന് മുമ്പ് തന്നെ നിർവ്വഹണ ഏജൻസി ടെണ്ടർ ക്ഷണിക്കുകയും, 13/03/2023-ലെ 41-ാമത് ടെണ്ടർ അപ്രൂവൽ കമ്മിറ്റി അംഗീകാരം നൽകുകയും, 04/04/2023-ൽ കരാറുകാരന് വർക്ക് ഓർഡർ നൽകുകയും ചെയ്തതായി SPV അറിയിച്ചിട്ടുണ്ട്.<br><br>ശേഷം 13/11/2023-ന് SPV സമർപ്പിച്ച Project Execution Document-ന് കിഫ്ബി 02/12/2023-ന് അംഗീകാരം നൽകിയതിനെ തുടർന്ന് 07/12/2023-ന് SPV കരാറുകാരന് Letter of Acceptance (LoA) നൽകിയിട്ടുണ്ട്. എന്നാൽ കരാർ ഉടമ്പടി വയ്ക്കുന്നതിനായി 31/01/2024 വരെ സമയം നീട്ടി |

| | | | |
|---|---|---|---|
| | | | നൽകണമെന്ന് കരാറുകാരൻ അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ ആയതിനുള്ള തുടർനടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്നാണ് SPV അറിയിച്ചിട്ടുള്ളത്. പ്രവൃത്തികളുടെ സുഗമമായ നടത്തിപ്പിന് വേണ്ടി കിഫ്ബി പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങളും നിർദ്ദേശങ്ങളും പാലിക്കാതെ SPV ടെണ്ടർ നടപടികളിലേക്ക് കടന്നതു കൊണ്ടാണ് പ്രവൃത്തി ആരംഭിക്കാൻ കഴിയാതിരുന്നത്. |
| (ബി) | ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടും ഇനിയും പ്രവൃത്തികൾ ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം അറിയിക്കാമോ? | (ബി) | മലമ്പുഴ മണ്ഡലത്തിലെ കഞ്ചിക്കോട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് - മൂപ്പൻ റോഡിന് 09/11/2018-ലെ PWD006-30-PA-01 നമ്പർ നടപടിക്രമ ഉത്തരവ് പ്രകാരം 20.27 കോടി രൂപയ്ക്ക് കിഫ്ബി ധനാനുമതി നൽകിയിരുന്നു. തുടർന്ന് 22/10/2022-ന് 25.445 കോടി രൂപയുടെ സാങ്കേതിക അനുമതി നൽകിയിരുന്നെങ്കിലും, സാങ്കേതികാനുമതി തുക ധനാനുമതി തുകയെക്കാൾ 25 ശതമാനത്തോളം അധികരിച്ചതിനാൽ ധനാനുമതി പുതുക്കുന്നതിനുള്ള റിവൈസ്ഡ് പ്രൊപ്പോസൽ SPV 19/01/2023-ന് ഫയൽ കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. എന്നാൽ ട്രാഫിക് സർവ്വേ റിപ്പോർട്ടിലെ അപാകതകൾ സംബന്ധിച്ച് കിഫ്ബി സ്ഥലപരിശോധന നടത്തുകയും, ട്രാഫിക് പുനഃപരിശോധിക്കണമെന്ന നിബന്ധനയ്ക്ക് വിധേയമായി തുടർന്നു വന്ന കിഫ്ബി എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തോടെ 11/10/2023-ന് പുതുക്കിയ ധനാനുമതി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. കിഫ്ബി മാനദണ്ഡപ്രകാരം ധനാനുമതി പുതുക്കി, Project Execution Document (PED) കിഫ്ബിയുടെ അംഗീകരിച്ച ശേഷം മാത്രമേ പ്രവൃത്തി ടെണ്ടർ ചെയ്യാവൂ എന്നിരിക്കെ, ആയത് ലഭിക്കുന്നതിന് മുമ്പ് തന്നെ നിർവ്വഹണ ഏജൻസി ടെണ്ടർ ക്ഷണിക്കുകയും, 13/03/2023-ലെ 41-ാമത് ടെണ്ടർ അപ്രൂവൽ കമ്മിറ്റി അംഗീകാരം നൽകുകയും, 04/04/2023-ൽ കരാറുകാരന് വർക്ക് ഓർഡർ നൽകുകയും ചെയ്തതായി SPV അറിയിച്ചിട്ടുണ്ട്.<br><br>ശേഷം 13/11/2023-ന് SPV സമർപ്പിച്ച Project Execution Document-ന് കിഫ്ബി 02/12/2023-ന് അംഗീകാരം നൽകിയതിനെ തുടർന്ന് 07/12/2023-ന് SPV കരാറുകാരന് Letter of Acceptance (LoA) നൽകിയിട്ടുണ്ട്. എന്നാൽ കരാർ ഉടമ്പടി വയ്ക്കുന്നതിനായി 31/01/2024 വരെ സമയം നീട്ടി നൽകണമെന്ന് കരാറുകാരൻ അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ ആയതിനുള്ള തുടർനടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്നാണ് SPV അറിയിച്ചിട്ടുള്ളത്. പ്രവൃത്തികളുടെ സുഗമമായ നടത്തിപ്പിന് വേണ്ടി |

| | | | |
|---|---|---|---|
| | | | കിഫ്ബി പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങളും നിർദ്ദേശങ്ങളും പാലിക്കാതെ SPV ടെണ്ടർ നടപടികളിലേക്ക് കടന്നതു കൊണ്ടാണ് പ്രവൃത്തി ആരംഭിക്കാൻ കഴിയാതിരുന്നത്. |

സെക്ഷൻ ഓഫീസർ